LIBRARY ARCHIVES Kerala Legislative Assembly

മലമ്പുഴ മണ്ഡലത്തിലെ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ

346 (5071) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അനുവദിച്ച മലമ്പുഴ മണ്ഡലത്തിലുൾപ്പെട്ട പുതുപ്പരിയാരം പഞ്ചായത്തിലെ കോരനാൽ റിംഗ് റോഡ്, പുളിയമ്പുള്ളി-പരുത്തി റോഡ്, പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് എസ്.ടി. കോളനി റോഡ്, മരുതറോഡ് പഞ്ചായത്തിലെ പൂളക്കാട് അങ്കണവാടി കെട്ടിടം, വരാട് അങ്കണവാടി കെട്ടിടം, കൊശക്കുഴികളം റോഡ് എന്നീ പ്രവൃത്തികൾക്ക് അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികളുടെ അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവയടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

തനതുഫണ്ടിൽ നിന്ന് ചെലവായ തുക

347 (5072) ശ്രീ. കുഞ്ഞോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ വരുമാനം കുറഞ്ഞ് സാമ്പത്തികപ്രയാസം അനുഭവിക്കുന്ന നഗരസഭകൾക്ക്, റിട്ടയർ ചെയ്ത ജീവനക്കാർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നീ ഇനങ്ങളിൽ തനതുഫണ്ടിൽ നിന്ന് ചെലവഴിച്ച തുക അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കായി നഗരസഭാ വികസനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX മുമ്പാകെയും, സപ്ലിമെന്ററി ഡിമാന്റ്ഗ്രാന്റ് 2021-22 മുമ്പാകെയും 550 കോടി രൂപ പെൻഷൻ ഫണ്ടിലേയ്ക്ക് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ഇനത്തിൽ മലപ്പുറം ജില്ലയിലെ ഓരോ നഗരസഭയ്ക്കും എത്ര തുക വീതം സർക്കാർ നൽകാനുണ്ടെന്നും ആയത് എപ്പോൾ നൽകാനാകുമെന്നും വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.